# കവിഞ്ഞു വരുന്ന പെരുവെള്ളം

(പാസ്റ്റർ ജോൺ റ്റി. കുരിയൻ)

പ്രാർത്ഥിക്കുന്ന ഒരു ദൈവ ഭക്തനു എന്നും ദൈവത്തിൽ നിന്നും ശരണം ഉണ്ടാകുമെന്നുള്ളത് ദൈവ വചനം ഉറപ്പു തരുന്നതും അതു ജീവിതത്തിൻെറ അനുഭവവും ആകുന്നു. ഭക്തികെട്ടവരുടെ ലോകത്തിൽ ദൈവം ജല പ്രളയം വരുത്തിയപ്പോൾ, ഭയഭക്തിപൂണ്ടു് തൻെറ കുടുംബത്തിൻെറ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്ത നോഹയും കുടുംബവും വിടുവിക്കപ്പെട്ടു. അവ്വണ്ണം സൊദോം ഗൊമോറ എന്ന പട്ടണങ്ങളെ നശിപ്പിച്ചപ്പോൾ ലോത്തിനെ ദൈവം വിടുവിച്ചു. ഈജിപ്റ്റിൽ വന്ന ന്യായവിധിയിൽ നിന്നും ഗോശെൻ ദേശത്തു പാർത്ത യിസ്രായേൽ മക്കൾ വിടുവിക്കപ്പെട്ടു. ഇങ്ങനെ ദൈവജനം അത് ഭുതകരമാംവണ്ണം രക്ഷപെട്ട സംഭവങ്ങൾ ഒട്ടനവധി ദൈവ വചനത്തിൽ കാണുന്നു.

ദൈവത്തിൻെറ ദാസനായ ദാവീദിനു നേരിട്ട കഷ്ടങ്ങൾ അനവധി യായിരുന്നു. അവനുണ്ടായ കഷ്ടങ്ങൾ വീട്ടിലും, നാട്ടിലും, കാട്ടിലും ഒക്കെ അവനെ അനുഗമിച്ചിരുന്നു. കഷ്ടതയുടെ "നെല്ലിപ്പലക" അവൻ കണ്ട സന്ദർഭങ്ങൾ അനവധിയാണ്. ഒരിക്കൽ ദാവീദു വളരെ കഷ്ടത്തിലായപ്പോൾ അവനെ കല്ലെറിയണമെന്നു ജനം പറഞ്ഞു (1 ശമുവേൽ 30 : 6). മറ്റൊരു സന്ദർഭത്തിലുണ്ടായ കഷ്ടത്താൽ 69-ാം സങ്കീർത്തനത്തിൽ, "ദൈവമെ എന്നെ രക്ഷിക്കണമെ‌ം വെള്ളം എൻെറ പ്രാണനോളം എത്തിയിരിക്കുന്നു. ഞാൻ നിലയില്ലാത്ത ആഴമുള്ള ചേറ്റിൽ താഴുന്നും ആഴമുള്ള വെള്ളത്തിൽ ഞാൻ മുങ്ങിപ്പോകുന്നു". (സങ്കീ 69 : 1,2). ഇവ്വിധ കഷ്ടങ്ങളിൽക്കൂടി പോകേണ്ടി വന്നുവെ ങ്കിലും ദൈവത്തോടുള്ള പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു എന്ന് മറ്റൊരു സങ്കീർത്തനത്തിൽ നിന്നും വ്യക് തമാകുന്നു. 32-ാം സങ്കീർത്തനം 6,7 വാക്യങ്ങളിൽ, "ഇതു നമിത്തം ഓരോ ഭക്തനും കണ്ടെത്താകുന്ന കാലത്തു നിന്നോടു പ്രാർത്ഥിക്കും, പെരുവെള്ളം കവിഞ്ഞുവരുമ്പോൾ അതു അവൻെറ അടുക്കലോളം എത്തുകയില്ലം നീ എനിക്കു മറവിടമാകുന്നും നീ എന്നെ കഷ്ടത്തിൽ നിന്നും രക്ഷിക്കും." ഇതു ഓരോ ഭക്തനും ഉണ്ടായിരിക്കേണ്ട അനുഭവമായിരിക്കണം. കർത്താവു ലവോദിക്യ സഭയോട് ഇടപെടുമ്പോൾ "ആരെങ്കിലും എൻെറ ശബ്ദം കേട്ടു വാതിൽ തുറന്നാൽ" എന്നതു പ്രത്യേകം ശ്രദ്ധേയമാണ്. സമൂഹപരമായതോ സഭാപരമായതോ ആയ ഇടപാടല്ല പിന്നെയോ വ്യക്തിപരമായ ഇടപെടൽ തന്നെയാണ് അതെന്നു വ്യക്തമാകുന്നു- ഞാൻ അവൻെറ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.(വെളിപ്പാട് 3:20). കൂടാതെ വെളിപ്പാട് 22ൻെറ 11-ൽ, "വിശുദ്ധൻ ഇനി തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ ഞാൻ വേഗം വരുന്നും ഓരോരുത്തന്നു അവനവൻെറ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എൻെറ പക്കൽ ഉണ്ട്".

കടലിൻെറയും ഓളത്തിൻെറയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടുകൂടിയ പരിഭ്രമം ഉണ്ടാകും (ലൂക്കോസ് 21: 25) എന്നു കർത്താവു പറഞ്ഞത് നിറവേറിക്കൊണ്ടിരി ക്കുകയാണ്. 2004-ൽ അടിച്ച സുനാമി ഭയങ്കരമായ അവസ്ഥയാണ് സൃഷ്ടിച്ചത്. കഴിഞ്ഞ മാസം ഹൂസ്റ്റൺ മുതലായ പട്ടണങ്ങളിൽ വരുവാനിരുന്ന അതിഭയങ്കരമായ നാശനഷ്ടങ്ങളിൽ നിന്ന് ദൈവം വിടുവിച്ചത് അനേകശതം ആളുകളുടെ പ്രാർത്ഥനയാലാണ് എന്നത് നഗ്നസത്യമാകുന്നു. ഓരോ വർഷം കഴിയുന്തോറും ഭൂകമ്പങ്ങൾ, ചുഴലിക്കാറ്റ് തുടങ്ങിയ കെടുതികൾ പെരുകുന്നു. "ഭൂമി പൊടുപൊടെ പൊട്ടുന്നും ഭൂമി കിറുകിറെ കീറുന്നും ഭൂമി മത്തനെപ്പോലെ ചാഞ്ചാടുന്നും കാവ-ൽമാടംപോലെ ആടുന്നും അതിൻെറ അകൃത്യം അതിന്മേൽ ഭാരമായിരിക്കുന്നു അതു വീഴുംം എഴുന്നേൽക്കുകയില്ല എന്ന് പ്രവാചകവര്യനായ യെശയ്യാവിൻെറ പ്രവചനം നിവൃത്തിപഥത്തിലേക്കു ശീഘ്രമായി ഗമിച്ചുകൊണ്ടിരിക്കുന്നു. (യെശയ്യാവ് 24: 19,20). അതെ യഹോവയുടെ ഉഗ്രകോപം വരുന്നതിനു മുമ്പേ, യഹോവയുടെ ന്യായം പ്രവർത്തിക്കു ന്നവരായി ഭൂമിയിലെ സകല സൗമ്യന്മാരുമായുള്ളോരെ അവനെ അന്വേഷിപ്പിൻം നീതി അന്വേഷിപ്പിൻം സൗമ്യത അന്വേഷിപ്പിൻ (സെഫന്യാവു 2:1-3).

യേശു കർത്താവിൻെറ മനുഷ്യാവതാരത്തെക്കാൾ കൂടുതൽ അവൻെറ മടങ്ങി വരവിനെക്കുറിച്ച് പ്രവചിച്ചിട്ടുണ്ട്. പുതിയ നിയമത്തിൽ ആകെയുള്ള അദ്ധ്യായങ്ങളെക്കാൾ കൂടുതൽ പ്രാവശ്യം അതാവർത്തിച്ചിട്ടുണ്ട്. പൗലോസിൻെറയും പത്രോസിൻെറയും തുടങ്ങി എല്ലാ വിശുദ്ധന്മാരുടേയും പ്രത്യാശ അതായിരുന്നു. രക്ത സാക്ഷികളായി തങ്ങളുടെ ജീവനെ ബലിയായി അർപ്പിക്കുവാൻ വിശുദ്ധന്മാർ തയ്യാറായത് കർത്താവിൻെറ വരവിലുള്ള പ്രത്യാശയായിരുന്നു. കർത്താവു വരുവാൻ വാതില്ക്കൽ ആയിരിക്കുന്നു. കൊടിയ കാറ്റ് അടിക്കുന്നു എന്ന് മുന്നറിയിപ്പുണ്ടാകുമ്പോൾ ലാഘവമായി ചിന്തിക്കാതെ പ്രാണനെ രക്ഷിക്കുന്നതിനുവേണ്ടി ചെയ്യേണ്ടതെല്ലാം ധൃതിയായി ചെയ്യുന്നതുപോലെയോ അതിലുപരിയോ ആയി വിശുദ്ധന്മാർ ഈ ദുഷ്ക്കാലത്ത് ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതല്ലെങ്കിൽ ഉണരാത്തവരും ലോകക്കാരേവരും കൈവിടപ്പെട്ടുപോകും. കർത്താവിൻെറ വരവിനുവേണ്ടി നമുക്കു ഉണർന്നു ജീവിക്കുവാൻ കർത്താവു കൃപ നല്കുമാറാകട്ടെ.

EBENEZER PENTECOSTAL CHURCH OF GOD. All Rights Reserved